നം. 4343/ എൽഎൽ.എം/2014/റ്റി.എ.2/സി.ഇ.ഇ

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം-695 001

# വിജ്ഞാപനം

## 2014-15 ലെ എൽഎൽ.എം കോഴ്സ് പ്രവേശനത്തിനുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

സംസ്ഥാനത്തെ 4 സർക്കാർ ലോ കോളേജുകളിലെയും 2 സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലെയും 2014-15 അദ്ധ്യയന വർഷത്തെ എൽഎൽ.എം കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി 17.03.2015 ന് നടത്തിയ കേന്ദ്രീകൃത അലോട്ട്മെന്റിൽ പങ്കെടുത്ത അപേക്ഷാർത്ഥികളുടെ റാങ്കിന്റെയും ഹയർ ഓപ്ഷനുകളുടെയും അടിസ്ഥാനത്തിൽ ഒഴിവുവന്ന സീറ്റുകളിലേയ്ക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷ്ണറുടെ ഔദ്യോഗിക വെബ്സൈറ്റായ www.cee-kerala.org ൽ ലഭ്യമാണ്.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ 28.03.2015 (ശനിയാഴ്ച) വൈകുന്നേരം 5 മണിക്ക് മുമ്പ് ബന്ധപ്പെട്ട കോളേജുകളിൽ പ്രോസ്പെക്ടസ് ഖണ്ഡിക 18 ൽ ചേർത്തിട്ടുള്ള രേഖകൾ സഹിതം ഹാജരായി പ്രവേശനം നേടേണ്ടതാണ്. കോളേജ് പ്രിൻസിപ്പൽമാർ അന്നേ ദിവസം വൈകുന്നേരം 5.30 നു തന്നെ നോൺ ജോയിനിംഗ് റിപ്പോർട്ട് ഫാക്സ്/ ഇ–മെയിൽ മുഖാന്തിരം ഈ ഓഫീസിലേയ്ക്കു അയച്ചു തരേണ്ടതാണ്.

കുടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന ഹെൽപ്പ് ലൈൻ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. **0471-2339101, 2339102, 2339103, 2339104.**

തിരുവനന്തപുരം
26.03.2015

**പ്രവേശന പരീക്ഷാ കമ്മീഷണർ**